കേരള സർക്കാർ

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

Downloaded Copy - Association of Retired Teachers (ART)
Fsrook College

## പരിപത്രം

നം.78/2019/ധന തിരുവനന്തപുരം, തീയതി, 17/09/2019.

വിഷയം: - പ്രിസം (PRISM) - വിവിധ വകുപ്പുകളിൽ നിയമിക്കപ്പെട്ടിരിക്കുന്ന നോഡൽ ഓഫീസർമാരെ സർക്കാർ അനുമതി കൂടാതെ മാറ്റി പകരം ആളെ നിയമിക്കാൻ പാടില്ല എന്നത്- സംബന്ധിച്ച്.

സൂചന: 1) സ.ഉ (പി) നം. 421/2014/ധന. തീയതി, 25.09.2014

2) സ.ഉ (പി) നം. 35/2019/ധന. തീയതി, 25.03.2019

സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും പെൻഷൻ അപേക്ഷകൾ ഓൺലൈൻ ആയി പരിശോധിച്ച് തീർപ്പാക്കുന്നതിനായി സൂചന (1) പ്രകാരം സർക്കാർ പ്രിസം (PRISM - Pensioners Information System) സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളതും സൂചന (2) ഉത്തരവ് പ്രകാരം പ്രസ്തുത സോഫ്റ്റ് വെയർ വിവിധ വകുപ്പുകളിലായി ഇതിനോടകം നടപ്പാക്കിയിട്ടുള്ളതുമാണ്. വകുപ്പുകളിലെ പ്രിസം സോഫ്റ്റ് വെയറിന്റെ സുഗമമായ നടത്തിപ്പിനായി എല്ലാ വകുപ്പുകളിലും ഓരോ നോഡൽ ഓഫീസർമാരെ നിയമിച്ച് വിവരം സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ളതും പ്രസ്തുത നോഡൽ ഓഫീസർമാർക്ക് പരിശീലനം നല്കി വരികയുമാണ്. ഇത്തരത്തിൽ പ്രിസം പരിശീലനം പൂർത്തിയാക്കിയ നോഡൽ ഓഫീസറെ പ്രസ്തുത ഉത്തരവാദിത്വത്തിൽ നിന്നും മാറ്റി മറ്റൊരാളെ നിയമിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷകളും, മാറ്റി നിയമിച്ചു കൊണ്ട് വിവിധ വകുപ്പുകളിൽ നിന്നും വകുപ്പുമേധാവികൾ പുറപ്പെടുവിച്ച ഉത്തരവുകളും സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിസം സോഫ്റ്റ് വെയറിന്റെ നോഡൽ ഓഫീസറായി വിവിധ വകുപ്പുകളിൽ നിയോഗിക്കപ്പെട്ടിരിക്കുന്ന ജീവനക്കാർ പ്രിസം സംബന്ധിച്ച പരിശീലനം പൂർത്തിയാക്കിയാലുടൻ പ്രസ്തുത വകുപ്പിൽ പ്രിസം നടപ്പാക്കുന്നത് സംബന്ധിച്ച തുടർനടപടികൾ കാലവിളംബം കൂടാതെ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ വിവിധ വകുപ്പുകളിൽ പ്രിസം നോഡൽ ഓഫീസർമാരായി നിയമിക്കപ്പെട്ടിരിക്കുന്ന ജീവനക്കാരെ പ്രൊമോഷൻ, ട്രാൻസ്ഫർ തുടങ്ങിയ കാരണങ്ങളാൽ പ്രിസം നടത്തിപ്പിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കേണ്ടതില്ലെന്നും വകുപ്പിൽ സേവനമനുഷ്ഠിക്കുന്നിടത്തോളം കാലം വകുപ്പിലെ പ്രിസം സോഫ്റ്റ് വെയറിന്റെ നോഡൽ ഓഫീസറായി തുടരേണ്ടതാണെന്നും നിർദ്ദേശം നൽകി ഉത്തരവാകുന്നു. വ്യക്തമായ കാരണങ്ങളില്ലാതെ ഇത്തരത്തിൽ

നോഡൽ ഓഫീസറുടെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കേണ്ടതില്ലായെന്നും ജീവനക്കാർ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയത് വിശദമായി പരിശോധിച്ച് ആവശ്യം ന്യായമാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ ഇത്തരത്തിൽ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളൂ എന്നും എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നല്കി ഉത്തരവാകുന്നു. നോഡൽ ഓഫീസറെ മാറ്റി ഉത്തരവ് പുറപ്പെടുവിക്കേണ്ട സാഹചര്യമുണ്ടായാൽ, ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കി, പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് സഹിതം ധനകാര്യ വകുപ്പിൽ താമസംവിനാ ലഭ്യമാക്കേണ്ടതാണെന്നും പുതിയ നോഡൽ ഓഫീസർക്ക് പരിശീലനം ലഭിക്കുന്നതിനായി ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പിനെ സമീപിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. എല്ലാ വകുപ്പ മേധാവികൾക്കും
5. ധനകാര്യ (പെൻഷൻ-ബി/സി.ടി.എഫ്.എം/ഐ.ടി.എസ്.എഫ്) വകുപ്പ്
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**